ബിംസ്റ്റെക് ഉച്ചകോടി

നരേന്ദ്രമോദിയും മുഹമ്മദ് യൂനുസും കൂടിക്കാഴ്ച നടത്തി

ബാങ്കോക്ക്: പ്രധാനമന്ത്രി നരേന്ദ്രമോദിയും ബംഗ്ലാദേശ് താത്കാലിക സർക്കാർ തലവനായ മുഹമ്മദ് യൂനുസും കൂടിക്കാഴ്ച നടത്തി. തായ്‌ലൻഡിൽ നടന്ന ആറാമത് ബേ ഓഫ് ബംഗാൾ ഇനിഷ്യേറ്റീവ് ഫോർ മൾട്ടി- സെക്ടറൽ ആൻഡ് ടെക്നിക്കൽ കോ- ഓപ്പറേഷൻ (ബിംസ്റ്റെക്) ഉച്ചകോടിക്കിടെയാണ് ഇരു നേതാക്കളും കൂടിക്കാഴ്ച നടത്തിയത്. മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് ഭാരതം അഭയം നൽകിയതിനുശേഷം ആദ്യമായാണ് ഇത്തരത്തിലൊരു കൂടിക്കാഴ്ച.

ബംഗ്ലാദേശുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നത് ഭാരതത്തിന് പ്രതിബദ്ധതയുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി യൂനുസുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ അറിയിച്ചു. ബംഗ്ലാദേശുമായി ക്രിയാത്മകമായ ബന്ധം സ്ഥാപിക്കുന്നതിന് ഭാരതത്തിന് ആഗ്രഹമുണ്ട്. ജനാധിപത്യപരവും, സ്ഥിരതയുള്ളതും, സമാധാനപരവും, പുരോഗമനപരവും, എല്ലാവരെയും ഉൾക്കൊള്ളുന്ന ബംഗ്ലാദേശിനായുള്ള ഭാരതത്തിന്റെ പിന്തുണ തുടരുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ചർച്ചയ്ക്കിടെ ബംഗ്ലാദേശിയലെ ഹിന്ദുക്കളുടെ സുരക്ഷ ഉറപ്പ് വരുത്തണമെന്ന് മോദി ആവശ്യപ്പെട്ടു.

പ്രധാനമന്ത്രി നരേന്ദ്രമോദിയും ബംഗ്ലാദേശ് താത്കാലിക സർക്കാർ തലവൻ മുഹമ്മദ് യൂനുസും കൂടിക്കാഴ്ച നടത്തിയപ്പോൾ

അനീതിയുടെയും അഴിമതിയുടെയും യുഗം അവസാനിപ്പിച്ചു: അമിത്ഷാ

ന്യൂഡൽഹി: വഖഫ് (ഭേദഗതി) ബിൽ, 2025 പാർലമെന്റ് പാസാക്കിയതോടെ വർഷങ്ങളായി തുടരുന്ന അനീതിയുടെയും അഴിമതിയുടെയും യുഗത്തിന് അറുതി വരുത്തിയതായി കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രി അമിത്ഷാ.

നീതിയുടെയും സമത്വത്തിന്റെയും യുഗത്തിന് തുടക്കമിട്ട ചരിത്രപരമായ ദിവസമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ബില്ലിലൂടെ വഖഫ് ബോർഡും വഖഫ് സ്വത്തുക്കളും കൂടുതൽ ഉത്തരവാദിത്തവും സുതാര്യവും നീതിയുക്തവുമാകും. മുസ്ലിം സമുദായത്തിലെ പാവപ്പെട്ടവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും തീർച്ചയായും പ്രയോജനപ്പെടും. കോടിക്കണക്കിന് ജനങ്ങൾക്ക് നീതി ലഭ്യമാക്കുന്ന ഈ സുപ്രധാന ബില്ലിന് പ്രധാനമന്ത്രി നരേന്ദ്രമോദിയോട് നന്ദി പറയുന്നു. ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജുവിനെ അഭിനന്ദിക്കുന്നു. ബില്ലിനെ പിന്തുണച്ച എല്ലാ പാർട്ടികൾക്കും എംപിമാർക്കും ഹൃദയംഗമമായ നന്ദി അറിയിക്കുന്നതായും അമിത്ഷാ എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു.

മുനമ്പത്ത് ബിജെപി അംഗത്വമെടുത്തവരെ ഷാൾ അണിയിച്ച് സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പാർട്ടിയിലേക്ക് സ്വീകരിക്കുന്നു

മുനമ്പത്തുകാരുടെ റവന്യൂ അവകാശം ബില്ലിൽ ഉറപ്പാക്കുന്നുണ്ട്: ബിജെപി

കൊച്ചി: മുനമ്പത്തെ ജനങ്ങളുടെ റവന്യൂ അവകാശം തിരികെ കിട്ടുന്നത് വരെ തങ്ങൾ അവർക്കൊപ്പം നിലകൊള്ളുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കേരള രാഷ്ട്രീയത്തിലെ ഏറെ നിർണായക നിമിഷമാണ് മുനമ്പത്തിലേത്. മുനമ്പം ദേശീയ തലത്തിൽപോലും എത്തുന്നതിന് ഇത് കാരണമായെന്നും അദ്ദേഹം പറഞ്ഞു. മുനമ്പത്തെ സമരപന്തൽ സന്ദർശിച്ച ശേഷം വാർത്താ സമ്മേളത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2014 മുതൽ ഇന്നുവരെ പ്രധാനമന്ത്രി നരേന്ദ്രമോദി പറയുന്നത് സബ് കാ സാത്ത് സബ് കാ വികാസ് എന്ന നയമാണ്. ഇതിൽ ജാതിയോ മതമോ പോലുള്ള യാതൊരു വേർതിരിവും ഉണ്ടായിട്ടില്ല. പാർലമെന്റ് പാസാക്കിയ വഖഫ് ബിൽ ഭാരതത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലാകും. എന്നാൽ ഈ ചെറിയ ഗ്രാമത്തിൽ തീർത്തും സമാധാനപരമായി ജനങ്ങൾ നടത്തിയ സമരത്തിന്റെ അലയൊടികൾ അങ്ങ് ന്യൂഡൽഹിയിലെത്തുകയും അതൊരു ബില്ലായി മാറുകയും ചെയ്തത് ചരിത്രമായി മാറിക്കഴിഞ്ഞു. ബില്ലിൽ മുനമ്പത്തെ ജനങ്ങൾക്ക് റവന്യൂ അവകാശം തിരികെ കിട്ടുമെന്ന ഉറപ്പുണ്ട്. ഈ ബില്ലിൽ അതിന്റെ എല്ലാം ഉറപ്പുമുണ്ടെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മുനമ്പം പ്രദേശം ഉൾപ്പെട്ട സ്ഥലത്തെ എംപിയും എംഎൽഎയും മറ്റ് ജനപ്രതിനിധികലും അവർക്ക് വേണ്ടി ഒന്നും ചെയ്തില്ല. വഖഫ് നിയമത്തെ എതിർത്ത എംപിമാരുടെ നയം പ്രീണന രാഷ്ട്രീയമാണെന്നും അദ്ദേഹം വിമർശിച്ചു.

വഖഫ് ബില്ല് ഒരു മതത്തിനും എതിരല്ല, പാവപ്പെട്ട മുസ്ലിങ്ങൾക്ക് വഖഫ് ബോർഡിന്റെ നടപടികൾ സുതാര്യമാക്കുന്നതിന് വേണ്ടിയാണ് ഭേദഗതി വരുത്തിയത്. എന്നാൽ ഇടത്- വലത് എംപിമാർ ഇതിനെ എതിർത്ത് ശുദ്ധനുണയാണ് പറഞ്ഞത്. നാണം ഇല്ലാതെ നുണപറയാൻ മാത്രം വാ തുറക്കുന്ന പാർട്ടിയേയും പാർട്ടി നേതാക്കളേയും തന്റെ ഇതുവരെയുള്ള പ്രവർത്തനകാലയളവിൽ കണ്ടിട്ടില്ലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

ബിജെപി നേതാക്കളായ എസ്. സജി, അഡ്വ. കെ.എസ്. ഷൈജു, അഡ്വ. ഷോൺ ജോർജ്, ജിജി ജോസഫ്, അഡ്വ. എസ്. സുരേഷ്, ഡോ. രേണു സുരേഷ് എന്നിവരും വാർത്താ സമ്മേളത്തിൽ പങ്കെടുത്തു.

ബംഗാളിൽ രാമനവമി ആഘോഷങ്ങൾക്ക് ഹൈക്കോടതി അനുമതി

കൊൽക്കത്ത: ബംഗാളിൽ രാമനവമി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് ഹിന്ദു സംഘടനകൾക്ക് ഹൈക്കോടതി അനുമതി നൽകി. റാലിയും ആഘോഷവും സമാധാനപരമായിരിക്കണം എന്നതുൾപ്പടെയുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു. ഹിന്ദു സംഘടനയായ അഞ്ജനി പുത്രസേന സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

സവർക്കറെ അപമാനിച്ച കേസ്: രാഹുൽ ഗാന്ധിയുടെ ഹർജി തള്ളി

ലഖ്നൗ: വീര സവർക്കറെ അപമാനിച്ചുവെന്ന കേസിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരായ സമൻസ് നിലനിൽക്കുമെന്ന് അലഹബാദ് ഹൈക്കോടതി. സമൻസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് രാഹുൽ ഗാന്ധി നൽകിയ ഹർജി അലഹബാദ് ഹൈക്കോടതി തള്ളി. ലഖ്നൗവിലെ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിലനിൽക്കുന്ന കേസിലാണ് അലഹബാദ് ഹൈക്കോടതിയുടെ നടപടി. രാഹുലിന് ലഖ്നൗ കോടതിയെ സമീപിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

കഴിഞ്ഞ വർഷം ഡിസംബറിൽ തന്നെ പ്രതിയാക്കി സമൻസ് അയച്ച ലഖ്നൗ കോടതി ഉത്തരവിനെതിരെയാണ് രാഹുൽ ഗാന്ധി ഹൈക്കോടതിയെ സമീപിച്ചത്. 2023 ജൂണിൽ തന്റെ പരാതി തള്ളിയതിനെതിരെ പരാതിക്കാരനായ അഭിഭാഷകൻ നൃപേന്ദ്ര പാണ്ഡെ സമർപ്പിച്ച പുനഃപരിശോധനാ ഹർജി അനുവദിച്ച സെഷൻസ് കോടതിയുടെ ഉത്തരവിനെയും രാഹുൽ ഗാന്ധി തന്റെ ഹർജിയിൽ ചോദ്യം ചെയ്തിരുന്നു.

സമൂഹത്തിൽ വിദ്വേഷം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ സവർക്കറെ ബ്രിട്ടീഷുകാരുടെ സേവകൻ എന്ന് രാഹുൽ വിളിച്ചതായി ആരോപിച്ച് അഭിഭാഷകനായ നൃപേന്ദ്ര പാണ്ഡെ തന്നെയാണ് കോടതിയിൽ പരാതി നൽകിയത്.

രാഹുൽ ഗാന്ധി സമൂഹത്തിൽ വെറുപ്പും വിദ്വേഷവും പ്രചരിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ അടിസ്ഥാന സ്വഭാവ സവിശേഷതകളെ ദുർബലപ്പെടുത്തുകയും അപമാനിക്കുകയും ചെയ്തുവെന്ന് തെളിഞ്ഞതായി ലഖ്നൗവിലെ അഡീഷണൽ സിവിൽ ജഡ്ജി അലോക് വർമ്മ ഡിസംബറിൽ പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിരുന്നു.

INDEL MONEY
Corporate office: Indel Money Limited
IIIrd Floor Indel House, Changampuzha Nagar,
South Kalamassery, Ernakulum -682033
PH: 0484-2933999 E:customercare@indelmoney.com

പണയ ലേല നോട്ടീസ്

ഞങ്ങളുടെ വിവിധ ശാഖകളിൽ പണയം വെച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ 21-04-2025 തീയതി രാവിലെ 11.00 മണി മുതൽ താഴെ പറയുന്ന ബ്രാഞ്ചുകളിൽ വെച്ച് പണമായി ലേലം ചെയ്യുന്നതാണെന്ന് അറിയിക്കുന്നു. കാലാവധി കഴിയുകയോ നിലവിലുള്ള കുടിശ്ശിക സ്വർണ്ണവിലയുടെ വിപണി മൂല്യത്തിന് മുകളിൽ തുടരുന്നതിനാൽ വിവിധ അറിയിപ്പുകൾ നൽകിയിട്ടും പണം അടച്ചു സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ആളുകളുടെ പണയരസീതുകൾ ആണ് ഇവിടെ ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വെക്കുന്ന പണയരസീതുകളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു അറിയിപ്പുകളും ഇനിമേൽ ഞങ്ങളിൽനിന്നല്ലാതെ എന്തെങ്കിലും കാണുവാനോ ലേലം മേൽപറഞ്ഞ തീയതികളിൽ/ സ്ഥലങ്ങളിൽ നടന്നിട്ടില്ലെങ്കിൽ, ലേലം മറ്റൊരു തീയതിയിലേക്കോ ബദിയിലേക്കോ നടത്തുവാനായി തീരുമാനം എടുക്കുന്നതായിരിക്കും ആയത് അതാത് ശാഖകളിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

തൃശ്ശൂർ - 20303460007152, 0346/07167, 0346/07193, 0346/07217, 0346/07219, 0346/07237, 0346/07242, 0346/07245, 0346/07246, 0346/07252, 0346/07283, 0346/07284, **കൊല്ലങ്കോട്** - 8203460009361, **കൊഴിഞ്ഞാമ്പാറ** - 6603460015557, **തൃശ്ശൂർ** - 803460012621, 0346/12647, 803570012638, **വടക്കഞ്ചേരി** - 5703460015719, 0346/15775, 5703480015752, **ഞാറക്കൽ** - 1003460011087, 0346/11100, **കിഴക്കുംഭാഗം** - 1103460014187,

മുകളിൽ അറിയിച്ച തീയതിയിൽ ഞങ്ങൾക്ക് ശാഖയിൽ ലേലം പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ, അത് ഗ്രീഡം ലോട്ടറാൽ ഇതു ലിമിറ്റഡ് (SAMIL) അവരുടെ ഓൺലൈൻ ഇലേല പ്ലാറ്റ്ഫോമായ -https://gold.samil.in-വഴിയും കൂടാതെ ഇ-പ്രൊക്യൂർമെന്റ് ടെക്നോളജീസ് ലിമിറ്റഡ് (AuctionTiger) അവരുടെ ഓൺലൈൻ ഇലേല പ്ലാറ്റ്ഫോമായ https://egold.auctiontiger.net-വഴിയും 23-04-2025 തീയതി 12.30 PM മുതൽ 3.30 PM വരെ നടത്തുന്ന താണ് 23-04-2025 ഇലേലം പൂർത്തിയായില്ലെങ്കിൽ, അതേ നിബന്ധനകളിലും വ്യവസ്ഥകളിലും തുടർന്നുള്ള പ്രവൃത്തി ദിവസങ്ങളിൽ അത് വീണ്ടും ലേലം ചെയ്യും.

By Authorized Officer
Indel Money Limited

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ
O.S. 711/2021
E.P. 724/2024

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് എൽതുരുത്ത് ദേശത്തു പ്രവർത്തിച്ചു വരുന്ന ശ്രീവിദ്യാ പ്രകാശിനിസഭ

വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ദേശത്ത് കല്ലിക്കാട് മനേഷ് ഭാര്യ ഷിന മനേഷ്

വിധി കടക്കാരി

മേൽ നമ്പ്രിലെ വിധി പ്രകാരം ലഭിക്കേണ്ട വിധികടം സംഖ്യയ്ക്കും മറ്റുമായി ബോധിപ്പിച്ച മേൽനമ്പ്രിലെ വിധികടക്കാരിക്കുള്ള Rule 66 നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് കേസ്സ് 16.07.2025 ലേക്കു വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്
26.03.2025
വിധി ഉടമ ഭാഗം അഡ്വക്കറ്റ്
ഡി.റ്റി. വെങ്കിടേശ്വരൻ

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ
O.S. 710/2021
E.P. 723/2024

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് എൽതുരുത്ത് ദേശത്തു പ്രവർത്തിച്ചു വരുന്ന ശ്രീവിദ്യാ പ്രകാശിനിസഭ

വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ദേശത്ത് കല്ലിക്കാട് മനേഷ് ഭാര്യ ഷിന മനേഷ്

2-ാം വിധി കടക്കാരി

മേൽ നമ്പ്രിലെ വിധി പ്രകാരം ലഭിക്കേണ്ട വിധികടം സംഖ്യയ്ക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പ്രിലെ 2-ാം വിധി കടക്കാരിക്കുള്ള Rule 66 നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് കേസ്സ് 16.07.2025 ലേക്കു വെച്ചിരിക്കുന്നു. ടി. കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്
26.03.2025
വിധി ഉടമഭാഗം അഡ്വക്കേറ്റ്
ഡി.റ്റി. വെങ്കിടേശ്വരൻ

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ
O.S. 711/2021
E.P. 724/2024

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് എൽതുരുത്ത് ദേശത്തു പ്രവർത്തിച്ചു വരുന്ന ശ്രീവിദ്യാ പ്രകാശിനിസഭ

വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ദേശത്ത് കല്ലിക്കാട് മനേഷ് ഭാര്യ ഷിന മനേഷ്

വിധി കടക്കാരി

മേൽ നമ്പ്രിലെ വിധി പ്രകാരം ലഭിക്കേണ്ട വിധികടം സംഖ്യയ്ക്കും മറ്റുമായി ബോധിപ്പിച്ച മേൽനമ്പ്രിലെ വിധികടക്കാരിക്കുള്ള Rule 66 നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് കേസ്സ് 16.07.2025 ലേക്കു വെച്ചിരിക്കുന്നു. ടി. കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്
26.03.2025
വിധി ഉടമഭാഗം അഡ്വക്കേറ്റ്
ഡി.റ്റി. വെങ്കിടേശ്വരൻ

നഷ്ടപ്പെട്ടു

KL48P0036 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു. ടി വാഹനത്തിന്റെ ഉടമ MUHAMMED SHAFI A L, ARANGATHUPARAMBIL (H), VELLARAKKAD P O, VELLATHERY, 680584 എന്നയാൾ വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിൽ ആർക്കെങ്കിലും പരാതി ആക്ഷേപമോ ഉള്ളപക്ഷം ആയത് പരസ്യ തിയ്യതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ ഈ ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.

എന്ന്
ജോയിന്റ് ആർ.ടി.ഒ.
വടക്കാഞ്ചേരി

CHANGE OF NAME

I, DELEEPKUMAR KUTTENCHERY, HOLDER OF PASSPORT NUMBER: M 8722742, DO HEREBY CHANGE MY NAME TO DILEEPKUMAR ECHARATH

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ
O.S. 708/2021
E.P. 563/2024

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് എൽതുരുത്ത് ദേശത്തു പ്രവർത്തിച്ചുവരുന്ന ശ്രീവിദ്യാ പ്രകാശിനി സഭ

വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ടി ദേശത്ത് കല്ലിക്കാട് മനേഷ് ഭാര്യ ഷിന മനേഷ്

വിധി കടക്കാരി

മേൽ നമ്പ്രിലെ വിധി പ്രകാരം ലഭിക്കേണ്ട വിധികടം സംഖ്യയ്ക്കും മറ്റുമായി ബോധിപ്പിച്ച മേൽ വിധി നടത്ത് ഹർജിയിലെ വിധികടക്കാരിക്കുള്ള Rule 66 നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച കേസ്സ് 28.05.2025 ലേക്കു വെച്ചിരിക്കുന്നു. ടി. കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്
13.02.2025
വിധി ഉടമഭാഗം അഡ്വക്കേറ്റ്
ഡി.റ്റി. വെങ്കിടേശ്വരൻ

CHANGE OF NAME

I EMIL ROSE, D/O.P.T. PAULSON, PUTHUR HOUSE, KARAMUCK, KANDASSANKADAVU.PO, 680613, THRISSUR, HOLDER OF INDIAN PASSPORT NUMBER E9293277,HAVE CHANGED MY NAME TO EMIL ROSE PAULSON P

kotak
കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് കോർപറേറ്റ് ഐഡന്റിറ്റി നമ്പർ : L65110MH1985PLC038137
രജിസ്റ്റേർഡ് ഓഫീസ് : 27 BKC, C 27, ജി ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (E), മുംബൈ: 400051
ബ്രാഞ്ച് ഓഫീസ്: കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, കൊട്ടക് ഹൗസ്, 22, എം. ജി. റോഡ്, ബാംഗ്ലൂർ - 560001
അനുബന്ധം IV-A [8(6) നിയമ വ്യവസ്ഥ റഫർ ചെയ്യുക]

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്,2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 2002 റൂൾ 8 (6) & 6 (2) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ/പണയപ്പെടുത്തിയ വസ്തു/ചാർജ്ജ് ചെയ്ത കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഭൗതികമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിട്ടുള്ളതാണെന്നും വായ്പക്കാരൻ/ജാമ്യക്കാരൻ M/s. രാജ്കോ റബ്ബേഴ്സ്, പ്രൊപ്രൈറ്റർ പ്രതിനിധീകരിച്ച് രാജു എബ്രഹാം, കരിമ്പ, മണ്ണാർകാട്, പാലക്കാട്, കേരളം 678597 (വായ്പക്കാരൻ), 2. ശ്രീ. രാജു എബ്രഹാം, S/o. കുര്യൻ എബ്രഹാം, പാച്ചിരിൽ, കല്ലടിക്കോട്, പാലക്കാട്, കേരളം 678596 (സഹവായ്പക്കാരൻ/ജാമ്യക്കാരൻ), 3. ശ്രീ. റെജി സി ജെ, S/o. ജോസഫ് സി വി, ചക്കുപുരക്കൽ ഹൗസ്, പാണ്ടിക്കാട് വഴി, പന്തല്ലൂർ ഹിൽസ് പി ഒ, ആനക്കയം, മലപ്പുറം, കേരളം 676521 എന്നിവരിൽ നിന്നും കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് (സെക്യൂർഡ് ക്രെഡിറ്റർ/കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്) ലഭിക്കാനുള്ള 12.02.2025 ലെ കുടിശ്ശിക തുകയായ 5,28,37,025/- രൂപ (അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഇരുപത്തിയഞ്ച് രൂപ) യും പലിശയും ചിലവുകളും മറ്റ് ചാർജ്ജുകൾക്കും പുറമേ സെക്യൂർഡ് ക്രെഡിറ്റിന് കരാർ നിരക്കിലെ പലിശയും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന വസ്തുക്കൾ 'ഇപ്പോൾ എവിടെയാണോ' എങ്ങിനെയാണോ', 'എന്തൊക്കെയാണോ' എന്നതിന്റെ അടിസ്ഥാനത്തിൽ 08. 05. 2025 ന് വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും, പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യം തുകയും നിരതദ്രവ്യം സമർപ്പിക്കേണ്ട തീയതിയും താഴെ കൊടുക്കുന്നു. സ്ഥാവര വസ്തുക്കളുടെ/വസ്തുവിന്റെ ബാധ്യതകളും വിൽപനയുടെ നിബന്ധനകളും താഴെ വിവരിക്കുന്നു.

ലോൺ അക്കൗണ്ട് നം.	വായ്പക്കാരൻ/ സഹ-വായ്പക്കാരൻ/ ജാമ്യക്കാരൻ പേര്	ഡിമാന്റ് നോട്ടീസ് തുകയും തീയതിയും	കരുതൽ വില	നിരതദ്രവ്യം (കരുതൽ വിലയുടെ 10%) അവസാന തീയതി	പരിശോധന തീയതിയും സമയവും	ലേല തീയതിയും സമയവും	ആകെ കുടിശ്ശിക തുക	അറിയപ്പെടുന്ന ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ
BBA_WC 54104403941 3 CRN (36541087)	1) M/s. രാജ്കോ റബ്ബേഴ്സ് പ്രൊപ്രൈറ്റർ പ്രതിനിധീകരിച്ച് രാജു എബ്രഹാം, (വായ്പക്കാരൻ) 2) ശ്രീ. രാജു എബ്രഹാം, S/o.കുര്യൻ എബ്രഹാം (സഹവായ്പക്കാരൻ/ജാമ്യക്കാരൻ) 3) ശ്രീ. റെജി സി ജെ, S/o.ജോസഫ് സി വി (സഹവായ്പക്കാരൻ/ജാമ്യക്കാരൻ)	രൂപ 3,60,13,149.15 നോട്ടീസ് തീയതി 06. 01. 2023	വസ്തു 1 55,32,000/- വസ്തു 2 3571592/-	വസ്തു 1 5,53,200/- വസ്തു 2 3,57,159/- 7.05.2025 ന് വൈകിട്ട് 6 മണിക്ക് മുമ്പ്	21 & 22.04.2025 ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ	08.05.2025 ന് ഉച്ചയ്ക്ക് 12 മുതൽ 1 മണി വരെ	12.02.2025 വരെ 5,28,37,025/ രൂപ (അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഇരുപത്തിയഞ്ച് രൂപ)	ഇല്ല

സ്ഥാവര വസ്തുക്കളുടെ / വസ്തുവിന്റെ വിശദ വിവരണം: വസ്തു : ഇനം നമ്പർ 1 രാജു എബ്രഹാമിന് ജന്മാവകാശ ഉടമസ്ഥതയിൽ പാലക്കാട് ജില്ല, കരിമ്പ 2 വില്ലേജിലെ പഴയ സർവ്വെ നമ്പർ 104/1, 105/7 ൽ പെട്ട 9.75 സെന്റ് സ്ഥലവും 1500 ചതുരശ്രയടി വിസ്തീർണ്ണമുള്ള താമസയോഗ്യമായ കെട്ടിടവും മറ്റ് ചമയങ്ങളും. ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അതിരുകൾ : സർവ്വെ നമ്പർ 104/1, 105/7 ലെ 8.50 സെന്റ് : കിഴക്ക്: റോഡ്, തെക്ക്: വസ്തുവും ബൈജുവിന്റെ വീടും, പടിഞ്ഞാറ്: PHL കല്ലടിക്കോട്, വടക്ക്: ബാലു വക വസ്തു, രാജു എബ്രഹാം വക രൂപി. സർവ്വെ നമ്പർ 104/1, 105/7 ലെ 1.25 സെന്റ്: കിഴക്ക്: ബാലു വക വസ്തു, തെക്ക്: വസ്തുവും രാജു എബ്രഹാമിന്റെ വീടും, പടിഞ്ഞാറ്: KPIP കനാൽ റോഡ്, വടക്ക്: PHL കല്ലടിക്കോട്. ഇനം നമ്പർ 2 മണ്ണാർകാട് താലൂക്കിൽ, പാലക്കയം വില്ലേജിലെ പഴയ സർവ്വെ നമ്പർ 2115/3, 2121, 2126 ൽ പെട്ട 4 ഏക്കർ സ്ഥലവും മറ്റ് ചമയങ്ങളും. ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അതിരുകൾ : സർവ്വെ നമ്പർ 2115/3 Pt. ലെ 2 ഏക്കർ : കിഴക്ക്: കുഞ്ഞുമോൻ ജോസ് & ചാണ്ടി വക വസ്തു, തെക്ക്: റോഡ് & പാവക്കുടി സാമി, പടിഞ്ഞാറ്: ജോഷി & ബിജു വക വസ്തു, വടക്ക്: മുണ്ടപറമ്പിൽ ചാണ്ടി വക വസ്തു. സർവ്വെ നമ്പർ 2121 Pt. ലെ 2 ഏക്കർ : കിഴക്ക്: ഇമ്മാനുവൽ വക വസ്തു, തെക്ക്: തോമസ് വക വസ്തു, പടിഞ്ഞാറ്: ജോർജ്ജ്, ടോമി വക വസ്തു, റോഡ്, വടക്ക്: വനം.

ബാങ്കിന്റെ അംഗീകൃത സേവന ദാതാവായ M/s C1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ വെബ